"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-ജീവനക്കാര്യം - അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള **2019**-ലെ സെലക്ട് ലിസ്റ്റ് പരിഷ്കരിച്ചതിനെ തുടർന്ന് സീനിയറായ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സന്തോഷ് കുമാർ എം.പി. ക്ക് **06.11.2019** പ്രാബല്യത്തിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് നോഷണലായി സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**1068/2026/LSGD** തീയതി,തിരുവനന്തപുരം, **29-05-2026**

---

പരാമർശം:-
1. സ.ഉ.(സാധാ) നം. **2475/2019**/തസ്വഭവ. തീയതി **06.11.2019**
2. സഉ.(സാധാ) നം. **2081/2021**/തസ്വഭവ. തീയതി **23.10.2021.**
3. **Circular No.Rules-1/138/2021/P&ARD dated 07/12/2022**
4. **Crl.MC No. 7264/2019**-ന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ **21.2.2025**-ലെ ഉത്തരവ്
5. **OA (EKM) 1067/2025** -ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **31.07.2025**-ലെ ഉത്തരവ്
6. **20.12.2025**-ലെ സ.ഉ. (സാധാ) നം. **3031/2025**/തസ്വഭവ. ഉത്തരവ്
7. **OA(EKM) 1930/2025**-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **27/01/2026** ലെ ഉത്തരവ്
8. സ.ഉ.(പി) നം.**18/2026**/എൽ.എസ്.ജി.ഡി. തീയതി **09/03/2026.**

<u>ഉത്തരവ്</u>

പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.സന്തോഷ് കുമാർ എം.പി-യ്ക്കെതിരെ അച്ചടക്കനടപടിയും ക്രൈം കേസും നിലവിലുണ്ടായിരുന്നത് കാരണം, അസിസ്റ്റന്റ് ഡയറക്ടർമാർക്കുള്ള സ്ഥാനകയറ്റത്തിനുള്ള **2019**-ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് **12.2.2019**-ൽ ചേർന്ന ഡിപിസി (യോഗം) ടിയാനെ **supercede** ചെയ്യുകയുണ്ടായി.

**2)** തൃശ്ശൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരവെ, ശ്രീ. എം.പി. സന്തോഷ് കുമാർ ഗ്രാമപഞ്ചായത്തിന് കീഴിൽ **2011-12** വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെയും, വിവിധ

അംഗനവാടികളുടെ അറ്റ കുറ്റപ്പണിയും ഏറ്റെടുത്ത് പൂർത്തിയാക്കിയ കരാറുകാരന് പ്രവൃത്തികളുമായി ബന്ധപ്പെട്ട തുക മാറി നൽകുന്നതിനായി കരാറുകാരനിൽ നിന്നും കൈക്കൂലി ആവശ്യപ്പെടുകയും തുക മനഃപൂർവ്വം മാറി നൽകാതെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുകയുണ്ടായി എന്ന ആരോപണം സംബന്ധിച്ച് ബഹു.തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കുറപ്ഷൻ ബ്യൂറോ പടിയൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി സമർപ്പിച്ച 27.7.2015-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി അച്ചടക്ക നടപടി ടിയാന് 'സെൻഷ്വർ' നൽകി പരാമർശം (2) പ്രകാരം സർക്കാർ തീർപ്പാക്കിയിരുന്നു.

3) ടിയാനെതിരെ നിലവിലുണ്ടായിരുന്ന ക്രൈം കേസ് CC No.1012/2019 -ൽ ബഹു. ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് കോടതി-1, ഇരിങ്ങാലക്കുട-യുടെ പ്രൊസീഡിംഗ്സിനെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത Crl.MC No. 7264/2019-ന്മേൽ ബഹു. ഹൈക്കോടതി 21.2.2025-ൽ പുറപ്പെടുവിച്ച പരാമർശം (4) ഉത്തരവിൽ മേൽ ക്രൈം കേസിൽ ശ്രീ. സന്തോഷ് കുമാറിനെതിരെയുള്ള നടപടികൾ റദ്ദാക്കിക്കൊണ്ട് ഉത്തരവായിരുന്നു.

4) മേൽ പ്രകാരം ക്രൈം കേസ് തീർപ്പാക്കിയതിനെ തുടർന്ന്, തന്നെ 2019 മുതലുള്ള അസിസ്റ്റന്റ് ഡയറക്ടറുടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ടിയാൻ ബഹു. KAT മുമ്പാകെ OA (EKM) 1067/2025 ഫയൽ ചെയ്യുകയും ബഹു. ട്രിബ്യൂണലിന്റെ പരാമർശം (5) ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25.10.2025-ന് റിവ്യൂ ഡിപിസി ചേരുകയും, ടിയാനെതിരെയുള്ള അച്ചടക്ക നടപടി 23.10.2021-ന് 'സെൻഷ്വർ' നൽകിയാണ് തീർപ്പാക്കിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത തീയതിക്കു ശേഷം ഒഴിവ് വരുന്ന അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ 2022-വർഷത്തെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും അതനുസരിച്ച് ടിയാന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം (6) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

5) ഡിപിസി യുടെ മേൽ നടപടിക്കെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. സന്തോഷ് കുമാർ OA(EKM) 1930/2025 നമ്പർ കേസ് ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം (7) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 24/02/2026-ൽ ചേർന്ന ഡിപിസി (ഹയർ) യോഗത്തിൽ ശ്രീ.സന്തോഷ് കുമാർ എം.പി-യുടെ സീനിയോറിറ്റി പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുകയും 2019-ലെ സെലക്ട് ലിസ്റ്റ് പരിശോധിച്ച് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (8) പ്രകാരം ടിയാന്റെ സ്ഥാനം പരിഷ്കരിച്ച് 2019 ലെ അസിസ്റ്റന്റ് ഡയറക്ടർമാരുടെ സെലക്ട് ലിസ്റ്റിൽ സീനിയോറിറ്റി നം. 1413 (ക്രമ നം. 8) ശ്രീ. ഗോപിനാഥൻ കെ. (Jr.) -ക്കും സീനിയോറിറ്റി നം. 1415 (ക്രമ നം.9) ശ്രീ. പ്രസാദ് പി ടി. -ക്കും ഇടയിലായി 8(a) (സീനിയോറിറ്റി നം. 1414) ആയി ഉൾപ്പെടുത്തി ഉത്തരവാകുകയും ചെയ്തിരുന്നു.

6) മേൽ സാഹചര്യത്തിൽ, കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 23(സി) പ്രകാരം ശമ്പളത്തിന്റെയും അലവൻസുകളുടേയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ, 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ചട്ടം 28(b)(i)(14) പ്രകാരം, പരാമർശം (3) സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി, പരാമർശം (8) പ്രകാരം പരിഷ്കരിച്ച 2019-ലെ സെലക്ട് ലിസ്റ്റിൽ ശ്രീ.സന്തോഷ് കുമാർ എം.പി-യുടെ ജൂനിയറായ (ക്രമ നം. 9) ശ്രീ. പ്രസാദ് പി.ടി.-ക്ക്, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നല്കിയ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് തീയതിയായ 06/11/2019 തീയതി പ്രാബല്യത്തിൽ ശ്രീ. സന്തോഷ് കുമാർ എം.പി. യ്ക്ക് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് നോഷണലായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ശ്രീ. സന്തോഷ് കുമാർ എം.പി., അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
*(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന)*
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,
(തിരുവനന്തപുരം/തൃശ്ശൂർ)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ADV-B2/77/2026-Pand ARD പ്രകാരം)
ധനകാര്യ വകുപ്പ് (07/04/2026 ലെ ഡെവ-1/67/2026-ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (ഇപിബി1/9/2026-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
Date: 29-05-2026 13:26:11
സെക്ഷൻ ഓഫീസർ